(2) ശ്രീമതി ബിന്ദു എസ്.ആർ.

തസ്തിക : സെക്ഷൻ ഓഫീസർ

ശമ്പളസ്കെയിൽ : 18740-33680

അടിസ്ഥാന ശമ്പളം : 18,740-

(ഡി) ഇല്ല.

## കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ നിയമനരീതി

**63 (1926)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലേയും അനുബന്ധ ഗവേഷണ വികസന സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ സ്ഥിരം നിയമന രീതിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ സ്ഥിരം, കരാർ, ദിവസവേതനം- എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ പേര്, തസ്തിക, ശമ്പളം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത നിയമനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളിലും 6,500-(pre-revised) രൂപയിൽ താഴെ അടിസ്ഥാന ശമ്പളമുള്ള ഒഴിവിലേക്കുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും 6,500-(pre-revised) രൂപയിൽ കൂടുതൽ അടിസ്ഥാന ശമ്പളമുള്ള ഒഴിവുകളിലേക്ക് പത്രപ്പരസ്യം നൽകിയുമാണ് നിയമനങ്ങൾ നടത്തിവരുന്നത്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

## സി-സ്റ്റെഡിലെ ജീവനക്കാർക്ക് ശമ്പളക്കുടിശ്ശിക നൽകാൻ നടപടി

**64 (1927)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അനുബന്ധ സ്ഥാപനമായ സി-സ്റ്റെഡിലെ ജീവനക്കാർക്ക് ശമ്പള കുടിശിക നൽകുവാനുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly